## പതിമൂന്നാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 48** — **11.06.2013-ൽ മറുപടിയ്ക്ക്**

## കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നുള്ള സംസ്ഥാന വിഹിതം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ :<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ :<br>ശ്രീ. കെ. എസ്. സലീഖ :<br>ശ്രീ. റ്റി. വി. രാജേഷ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്ന് സംസ്ഥാനത്തിന് ഇപ്പോൾ എത്ര യൂണിറ്റ് വൈദ്യുതിയാണ് ലഭിക്കുന്നത് ; | (എ) കേന്ദ്ര വൈദ്യുത നിലയങ്ങളിൽ നിന്ന് കേന്ദ്ര വിഹിതമായി ഇപ്പോൾ 1180 മെഗാവാട്ട് വൈദ്യുതിയാണ് ലഭിക്കേണ്ടത്. പ്രസരണ നഷ്ടം കഴിഞ്ഞ് കേരളാതിർത്തിയിൽ 1132 മെഗാവാട്ടാണ് ലഭിക്കേണ്ടത്. എന്നാൽ കൽക്കരിയുടെ ദൗർലഭ്യം, ജനറേറ്ററുകളുടെ അറ്റകുറ്റപ്പണികൾ എന്നീ കാരണങ്ങൾ മൂലം പ്രവർത്തനത്തിനാനുപാതികമായി ഏകദേശം 870 മെഗാവാട്ട് വൈദ്യുതിയാണ് ഇപ്പോൾ കേരളത്തിൽ ലഭിക്കുന്നത്. |
| (ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വൈദ്യുതി ലഭ്യതയ്ക്ക് എന്തെങ്കിലും കുറവ് ഉണ്ടായിട്ടുണ്ടോ ; | (ബി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) കേന്ദ്ര നിലയങ്ങളിൽ നിന്നുള്ള വിഹിതം പൂർണ്ണതോതിൽ സംസ്ഥാനത്തിന് ലഭ്യമാകുന്നുണ്ടോ ;<br>(ഡി) ഇല്ലെങ്കിൽ അത് ലഭിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; | (സി) & (ഡി) പൂർണ്ണതോതിൽ ലഭ്യമാകാറില്ല. കേന്ദ്ര നിലയങ്ങളിൽ നിന്നുള്ള വിഹിതം പ്രസ്തുത നിലയങ്ങളിലെ യൂണിറ്റുകളുടെ പ്രവർത്തനത്തിനാനുപാതികമായി ലഭ്യമാകുന്നുണ്ട്.<br>ഇന്ധന ലഭ്യതക്കുറവിനാലും മറ്റു സാങ്കേതിക കാരണങ്ങളാലും വൈദ്യുതി നിലയങ്ങളിലുണ്ടാകുന്ന ഉൽപ്പാദന കുറവിനനുസരിച്ച് സംസ്ഥാനത്തിനു ലഭിക്കുന്ന വൈദ്യുതിയുടെ അളവിലും കുറവുണ്ടാകാറുണ്ട്. ഇങ്ങനെയുള്ള പ്രശ്നങ്ങൾ വിവിധ തലങ്ങളിൽ ( Southern |

| | | | |
|---|---|---|---|
| | | | Region Power Committee, Central Electricity Authority, Ministry of Power) വിശകലനം ചെയ്ത് പരിഹരിക്കാൻ ശ്രമിക്കാറുണ്ട്. |
| (ഇ) | അധിക വൈദ്യുതിക്കായി കേരളം ഉന്നയിച്ച ആവശ്യം കേന്ദ്ര സർക്കാർ തള്ളിക്കളഞ്ഞി ട്ടുണ്ടോ ; പ്രസ്തുത ആവശ്യങ്ങ ളിന്മേൽ കേന്ദ്രം നൽകിയ നിർദ്ദേ ശങ്ങൾ എന്തൊക്കെയാണ് ? | (ഇ) | അധിക വൈദ്യുതിയ്ക്കായി സംസ്ഥാനം കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് സമർപ്പിച്ച അപേക്ഷ നിരസിച്ചുകൊണ്ട് 26-03-2013-ൽ ഊർജ്ജ മന്ത്രാലയത്തിൽ നിന്ന് കത്ത് ലഭിക്കുകയുണ്ടായി. പ്രസ്തുത കത്തിൽ സംസ്ഥാനത്തിന് നിലവിൽ അനുവദിച്ചിട്ടുള്ള firm അലോക്കേഷനിൽ നിന്ന് കുറവ് വരുത്തിയി ട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല അൺഅലോക്കേറ്റഡ് വിഹിതത്തിൽ നിന്ന് വൈദ്യുതി സംസ്ഥാനങ്ങൾക്ക് അനുവദി യ്ക്കുന്നത് സംസ്ഥാനങ്ങളുടെ കാലാകാലങ്ങ ളിലുള്ള വൈദ്യുതി ഉപഭോഗ വ്യതിയാനങ്ങ ൾ, കാലാവസ്ഥ, മറ്റ് കാരണങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയാണെന്നുംവ്യക്തമാക്കിയിട്ടു ണ്ട്. കേരളത്തിൻെറ ഇപ്പോഴ ത്തെ വൈദ്യുത ലഭ്യത മറ്റ് തെക്കൻ സംസ്ഥാന ങ്ങളെ അപേക്ഷിച്ച് മെച്ചമായതിനാൽ കൂടുതൽ വൈദ്യുതി കേരളത്തിന് അനുവദിക്കാൻ ബുദ്ധി മുട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**

| CGS Share fror the period July'12 to March'13 | | | |
|---|---|---|---|
| Month | Availability | Schedule | Difference(- Addl schdle/+Surrender) |
| Jul-12 | 638.47 | 637.90 | 0.00 |
| Aug-12 | 576.73 | 585.97 | -9.24 |
| Sep-12 | 588.81 | 600.37 | -11.56 |
| Oct-12 | 738.21 | 769.61 | -31.40 |
| Nov-12 | 671.36 | 701.71 | -30.34 |
| Dec-12 | 743.53 | 750.29 | -6.76 |
| Jan-13 | 803.00 | 810.22 | -7.21 |
| Feb-13 | 721.25 | 726.40 | -5.15 |
| Mar-13 | 723.98 | 723.99 | -0.01 |
| Total | 6205.35 | 6306.45 | -101.68 |

Section Officer